**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3784** **12-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ പ്രവർത്തിക്കുന്ന പള്ളിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘത്തിലെ സി-154 നമ്പർ അംഗമായ നായരമ്പലം പഞ്ചായത്തിലെ മംഗലപ്പിള്ളി വീട്ടിൽ തങ്കപ്പന്റെ പശുവും കിടാവുകളും ചത്തതിന് നഷ്ടപരിഹാരമായി ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) | നായരമ്പലം പഞ്ചായത്തിലെ മംഗലപ്പിള്ളി വീട്ടിൽ ശ്രീ. തങ്കപ്പന്റെ പശുവും കിടാവുകളും ചത്തതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടില്ല. |
| (ബി) | 25 വർഷത്തിലധികമായി ക്ഷീരകർഷകനായി പ്രവർത്തിക്കുന്ന 85 വയസുള്ള ടിയാന് അർഹിക്കുന്ന ആനുകൂല്യം ലഭിക്കുന്നതിനായി 21.10.2024 ന് എം.എൽ.എ. മുഖാന്തിരം സമർപ്പിക്കുകയും റിപ്പോർട്ടിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുള്ള പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | ശ്രീ. തങ്കപ്പൻ എന്നവരുടെ പശുക്കൾ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വയറു വീർപ്പ (Bloat), പ്രസവ സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവ മൂലമാണ് ടിയാന്റെ പശുക്കൾ മരണപ്പെട്ടത്. പശുക്കൾക്ക് കൃത്യമായ ചികിത്സ നൽകിയിരുന്നു. ഉരുക്കൾക്ക് ഇൻഷ്വറൻസ് ഇല്ലാത്തതിനാലും ദുരന്ത നിവാരണ മാനദണ്ഡങ്ങൾ പ്രകാരം പരിഗണിക്കുവാൻ കഴിയാത്തതിനാലും ടിയാന് വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുവാൻ കഴിഞ്ഞില്ല.<br><br>ടിയാന്റെ പ്രായാധിക്യം, ഇനിയും മറ്റു ജോലികൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ, മൃഗസംരക്ഷണ മേഖലയിൽ ഇത്രയും കാലം സേവനം അനുഷ്ഠിച്ച ക്ഷീര കർഷകൻ, എന്നീ കാര്യങ്ങൾ പരിഗണിച്ച്, ഉരുക്കൾ മരണമടഞ്ഞ വകയിൽ സംഭവിച്ച നഷ്ടം പരിഹരിക്കുന്നതിനായി ടിയാന് പഞ്ചായത്തിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഉചിതമായ ആനുകൂല്യം അനുവദിക്കുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ മുൻഗണന നൽകുന്നതിനും നായരമ്പലം വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ